14.11.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 23-11-1989

# വരദാതാവിനെ പ്രീതിപ്പെടുത്താനുള്ള സഹജമായ വിധി

ഇന്ന് വരദാതാവായ ബാബ തന്റെ വരദാനീ കുട്ടികളെ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. വരദാതാവിന്റെ സർവ്വ കുട്ടികളും വരദാനിയാണ് എന്നാൽ നമ്പർവാറാണ്. വരദാതാവ് സർവ്വ കുട്ടികൾക്കും വരദാനങ്ങളാൽ സഞ്ചി നിറച്ച് നല്കുന്നു എന്നിട്ടും സംഖ്യാക്രമം എന്ത് കൊണ്ട്? വരദാതാവ് സംഖ്യാക്രമത്തിലല്ല നല്കുന്നത് കാരണം വരദാതാവിന്റെ പക്കൽ അളവറ്റ വരദാനങ്ങളുണ്ട്, ആർക്ക് എത്ര വേണമെങ്കിലും നേടാം, തുറന്നിരിക്കുന്ന ഭണ്ഡാരിയാണ്. അങ്ങനെയുള്ള തുറന്ന ഭണ്ഡാരിയിൽ നിന്നുംചില കുട്ടികൾ സർവ്വ വരദാനങ്ങളാൽ സമ്പന്നരായി മാറുന്നു, ചില കുട്ടികൾ തന്റെ ശക്തിക്കനുസരിച്ച് സമ്പന്നമാകുന്നു. ഏറ്റവും കൂടുതൽ സഞ്ചി നിറച്ച് നല്കുന്നതിൽ ഭോലാനാഥനായ ബാബയ്ക്ക് വരദാതാവിന്റെ രൂപമാണുള്ളത്. നേരത്തെയും കേൾപ്പിച്ചു- ദാതാവ്, ഭാഗ്യവിദാതാവ്, വരദാതാവ്. മുന്നിലും വച്ച് വരദാതാവിന്റെ രൂപത്തിലൂടെ ഭോലാ ഭഗവാൻ എന്ന് പറയുന്നു കാരണം വരദാതാവ് വളരെ പെട്ടെന്ന് തന്നെ സന്തുഷ്ടനാകുന്നു. കേവലം സന്തുഷ്ടമാക്കുന്നതിന്റെ വിധിയെ മനസ്സിലാക്കുമ്പോൾ സിദ്ധി അർത്ഥം വരദാനങ്ങളുടെ സഞ്ചി നിറഞ്ഞ് സമ്പന്നമായിരിക്കുക എന്നത് വളരെ സഹജമാണ്. വരദാതാവിനെ സന്തുഷ്ടമാക്കുന്നതിനുള്ള ഏറ്റവും സഹജമായ വിധി ഏതാണെന്ന് അറിയാമോ? ബാബയ്ക്ക് ഏറ്റവും പ്രിയപ്പെട്ടതാരാണ്? ബാബയ്ക്ക് ഏക്ക്(ഒന്ന്) എന്ന ശബ്ദം വളരെ പ്രിയപ്പെട്ടതാണ്. ആദി മുതൽ ഇപ്പോൾ വരെ ഏകവ്രതയായിട്ടിരിക്കുന്ന കുട്ടികൾ ആണ് വരദാതാവിന് വളരെ പ്രിയപ്പെട്ടത്.

ഏകവ്രത അർത്ഥം കേവലം പവിത്രതയല്ല, സർവ്വ സംബന്ധങ്ങളിലൂടെയുള്ള ഏകവ്രത. സങ്കല്പത്തിലും, സ്വപ്നത്തിലും, രണ്ടാമതൊരാളില്ല. ഏകവ്രത അർത്ഥം സദാ മനോഭാവനയിൽ ബാബ മാത്രം. രണ്ടാമത്- സദാ എനിക്ക് ഒരേയൊരു ബാബ രണ്ടാമതായി ആരുമില്ല- ഈ പക്കാ വ്രതം എടുത്തിട്ടുണ്ട്. ചില കുട്ടികൾ ഏകവ്രതയാകുന്നതിൽ വളരെ സാമർത്ഥ്യം കാണിക്കുന്നു. ഏത് സാമർത്ഥ്യം? ബാബയെ തന്നെ മധുരമായ കാര്യങ്ങൾ കേൾപ്പിക്കുന്നു- അച്ഛൻ, ടീച്ചർ, സത്ഗുരുവിന്റെ മുഖ്യമായ സംബന്ധം ബാബയോടൊപ്പമുണ്ട് എന്നാൽ സാകാര ശരീരധാരിയായത് കാരണം, സാകാരി ലോകത്തിൽ ജീവിക്കുന്നത് കാരണം ഏതെങ്കിലും സാകാരി കൂട്ട്ക്കാരൻ അഥവാ സാകാരി കൂട്ട്ക്കാരി സഹയോഗത്തിന് വേണ്ടി, സേവനത്തിന് വേണ്ടി, അഭിപ്രായത്തിന് വേണ്ടി തീർച്ചയായും സാകാരത്തിൽ വേണം കാരണം ബാബ നിരാകാരിയും ആകാരിയുമാണ് അതിനാൽ സേവനത്തോടൊപ്പമുണ്ട്. എന്നാൽ നിരാകാരി, ആകാരി മിലനം ആഘോഷിക്കുന്നതിനായി സ്വയത്തെയും ആകാരി, നിരാകാരി സ്ഥിതിയിൽ സ്ഥിതി ചെയ്യേണ്ടി വരുന്നു. അത് ഇടയ്ക്കിടയ്ക്ക് പ്രയാസമായി അനുഭവപ്പെടുന്നു അതിനാൽ സമയത്ത് സാകാരത്തിൽ കൂട്ടുകെട്ട് വേണം. ബുദ്ധിയിൽ നിറയേ കാര്യങ്ങൾ നിറഞ്ഞാൽ എന്ത് ചെയ്യും? കേൾക്കുന്നവർ വേണ്ടേ. എന്നാൽ ഏകവ്രതയായ ആത്മാവിന്റെയടുത്ത് മറ്റുള്ളവരെ കേൾപ്പിക്കേണ്ടി വരുന്ന വിധത്തിലുള്ള ഭാരമേറിയ കാര്യങ്ങൾ ഉണ്ടാകില്ല. ഒരു ഭാഗത്ത് ബാബയെ വളരെയധികം സന്തോഷിപ്പിക്കുന്നു- അങ്ങ് തന്നെയാണ് സദാ എന്റെ കൂടെയുള്ളത്, സദാ ബാബ എന്റെ സാഥിയാണ്, സാഥിയാണെങ്കിൽ പിന്നെ ആ സമയത്ത് കൂട്ടുകെട്ട് എങ്ങോട്ട് പോകുന്നു? ബാബ പോകുന്നുവൊ അതോ നിങ്ങൾ വേറിട്ടു മാറി നില്ക്കുന്നുവോ? സദാ കൂടെയുണ്ടോ അതോ 6-8 മണിക്കൂർ കൂടെയുണ്ടോ. പ്രതിജ്ഞയെന്താണ്? കൂടെയുണ്ട്, കൂടെയുണ്ടാകും, കൂടെ നടക്കും, ഈ പ്രതിജ്ഞ പക്കായല്ലേ. ബ്രഹ്മാബാബയോട് അത്രയും പ്രതിജ്ഞയെടുത്തിട്ടുണ്ട്- മുഴുവൻ ചക്രത്തിലും കൂടെ തന്നെ പാർട്ടഭിനയിക്കും. ഇങ്ങനെയുള്ള പ്രതിജ്ഞയെടുത്തിട്ടും സാകാരത്തിൽ ഏതെങ്കിലും വിശേഷ സാഥി(കൂട്ടുകെട്ട്) വേണോ?

ബാപ്ദാദായുടെയടുത്ത് സർവ്വരുടെയും ജാതകമുണ്ട്. ബാബയുടെ മുന്നിൽ പറയും- അങ്ങ് തന്നെയാണ് സാഥിയെന്ന്. പരിതസ്ഥിതി വരുമ്പോൾ ബാബയെത്തന്നെ മനസ്സിലാക്കിക്കുവാൻ പ്രയത്നിക്കുന്നു - ഇതെല്ലാം സംഭവിക്കും, ഇത്രയും വേണം......ഇതിനെ ഏകവ്രതയെന്ന് പറയുമോ? സാഥിയാണെങ്കിൽ സർവ്വരും സാഥിയാണ്, ആരും വിശേഷപ്പെട്ടവരായി ഇല്ല. അങ്ങനെയുള്ളവരെയാണ് ഏകവ്രതയെന്ന് പറയുന്നത്. അതിനാൽ വരദാതാവിന് അങ്ങനെയുള്ള കുട്ടികളെയാണ് പ്രിയം. ഇങ്ങനെയുള്ള കുട്ടികളുടെ സദാ സമയത്തെ സർവ്വ ഉത്തരവാദിത്വങ്ങളും വരദാതാവായ ബാബ സ്വയം ഏറ്റെടുക്കുന്നു. അങ്ങനെയുള്ള വരദാനീ ആത്മാക്കൾ സദാ ഓരോ പരിതസ്ഥിതിയിലും വരദാനങ്ങളുടെ പ്രാപ്തികൾ കൊണ്ട് സമ്പന്നമായ സ്ഥിതി അനുഭവിക്കുന്നു, സദാ സഹജമായി മറി കടക്കുന്നു., ബഹുമതിയോടെ പാസാകുന്നു. വരദാതാവ് സർവ്വ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിന് എവർറെഡിയാണ് പിന്നെ ഉത്തരവാദിത്വത്തിന്റെ ഭാരം സ്വയം എന്ത് കൊണ്ട് ഏറ്റെടുക്കുന്നു? സ്വന്തം ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കുന്ന

തിനാലാണ് പരിതസ്ഥിതിയിൽ ബഹുമതിയോടെ പാസാകാൻ സാധിക്കാത്തത് എന്നാൽ മറ്റ് ആശ്രയത്തിന്റെ ആധാരത്തിലൂടെ പാസാകുന്നു. ആരുടെയെങ്കിലും കൂട്ട്ക്കെട്ടിന്റെ ആശ്രയം വേണം. കാറിന്റെ ബാറ്ററി ഫുൾ ചാർജ്ജല്ലായെങ്കിൽ കാറ് തള്ളി സ്റ്റാർട്ടാക്കുന്നതുപോലെ. അപ്പോൾ തള്ള് ഒറ്റയ്ക്കല്ല നല്കുന്നത്, കൂട്ട് വേണം അതിനാലാണ് നമ്പർവാറായി മാറുന്നു. അതിനാൽ വരദാതാവിന് ഒരു ശബ്ദം പ്രിയപ്പെട്ടതാണ്– ഏകവ്രത. ഒരു ബലം ഒരു വിശ്വാസം. ഒന്നിലുള്ള വിശ്വാസം, രണ്ടാമത്തെയാളുടെ ബലം എന്ന പറയില്ല. ഒരു ബലം ഒരു വിശ്വാസം എന്നാണ് പറയുന്നത്. അതോടൊപ്പം ഏക ആഭിപ്രായം, മൻമത്തുമല്ല പരമത്തുമല്ല, ഏകരസം– ഒരു വ്യക്തിയുടേയോ, വൈഭവത്തിന്റേയോ രസമില്ല. അതേപോലെ ഏകത, ഏകാന്തപ്രിയം അതിനാൽ ഏക്ക് (ഒന്ന്)എന്ന ശബ്ദം പ്രിയമായില്ലേ. ഇങ്ങനെ ഇനിയും കണ്ടെത്തണം. ബാബ അത്രയും നിഷ്കളങ്കനാണ് ഒന്നിൽ തന്നെ സന്തുഷ്ടനാകുന്നു. അങ്ങനെയുള്ള ഭോലാനാഥനായ വരദാതാവിനെ സന്തുഷ്ടനാക്കാൻ പ്രയാസമാണോ? കേവലം ഒന്നിന്റെ പാഠം പക്കായാക്കൂ. 5–7 ൽ പോകേണ്ട ആവശ്യമില്ല. വരദാതാവിനെ സന്തുഷ്ടമാക്കുന്നവർ ആമൃതവേള മുതൽ രാത്രി വരെ ദിനചര്യയുടെ ഓരോ കർമ്മത്തിലും വരദാനങ്ങളാൽ പാലിക്കപ്പെടുന്നു, നടക്കുന്നു, പറക്കുന്നു. അങ്ങനെയുള്ള വരദാനി ആത്മാക്കൾക്ക് യാതൊരു പ്രയാസവും മനസ്സ് കൊണ്ടും, സംബന്ധ സമ്പർക്കത്തിലൂടെയും അനുഭവപ്പെടില്ല. ഓരോ സങ്കല്പത്തിലും, സെക്കന്റിലും, കർമ്മത്തിലും, ചുവടിലും വരദാതാവും വരദാനവും സദാ സമീപത്ത്, സന്മുഖത്ത് സാകാര രൂപത്തിൽ അനുഭവപ്പെടും. സാകാരത്തിൽ സംസാരിച്ചു കൊണ്ടിരിക്കുന്ന പോലെ അനുഭവം അവർ ചെയ്യും. അവർക്ക് പരിശ്രമം അനുഭവപ്പെടില്ല.

ഇങ്ങനെയുള്ള വരദാനീ ആത്മാവിന് ഈ വിശേഷ വരദാനം പ്രാപ്തമാകുന്നു, അവർക്ക് നിരാകാരിയെയും സാകാരിയെയും സാകാരത്തിൽ അനുഭവം ചെയ്യാൻ സാധിക്കുന്നു. ഇങ്ങനെയുള്ള വരദാനികളുടെ മുന്നിൽ ബാബ സദാ ഹാജരാണ്, കേട്ടോ? വരദാതാവിനെ സന്തുഷ്ടമാക്കുന്നതിനുള്ള വിധിയും സിദ്ധിയും സെക്കന്റിൽ ചെയ്യാൻ സാധിക്കില്ലേ? ഒന്നിൽ രണ്ടിനെ യോജിപ്പിക്കരുത്. ഒന്നിന്റെ പാഠത്തിന്റെ വിസ്താരം പിന്നെ കേൾപ്പിക്കാം.

ബാപ്ദാദായുടെടുത്ത് സർവ്വ കുട്ടികളുടെ ചരിത്രവുമുണ്ട്, സാമർത്ഥ്യവുമുണ്ട്. മുഴുവൻ റിസൾട്ടും ബാപ്ദാദായുടെയടുത്ത് ഉണ്ട്. സാമർത്ഥ്യത്തിന്റെ കാര്യങ്ങളും ധാരാളമുണ്ട്. പുതിയ പുതിയ കാര്യങ്ങൾ കേൾപ്പിക്കുന്നു. കേട്ടു കൊണ്ടിരിക്കുന്നു. ബാപ്ദാദ പേര് പറയുന്നില്ല. മനസ്സിലാക്കുന്നത് ബാബയ്ക്കറിയില്ലായെന്നാണ്. എന്നാലും ബാബ അവസരങ്ങൾ നല്കി കൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കുന്നു– കുട്ടികൾ യഥാർത്ഥ അറിവിൽ നിഷ്കളങ്കരാണ്. അങ്ങനെ നിഷ്കളങ്കരാകരുത്. ശരി.
വിദേശ സേവനം കഴിഞ്ഞ് കുട്ടികൾ എത്തിയിരിക്കുന്നു.(ജാനക ദാദി, ഡോ.നിർമ്മല, ജഹദീശ്ഭായി സേവനം കഴിഞ്ഞ് വന്നിരിക്കുന്നു)

നല്ല റിസൾട്ടാണ്, സദാ സേവനത്തിന്റെ സഫലതയിൽ അഭിവൃദ്ധിയുണ്ടാകുക തന്നെ വേണം. യു എൻനും വിശേഷ സേവനത്തിന്റെ കാര്യത്തിൽ സംബന്ധമുണ്ട്. പേര് അവരുടേതാണ്, കാര്യം നിങ്ങളുടേതാണ് നടന്നു കൊണ്ടിരിക്കുന്നത്. ആത്മാക്കൾക്ക് സഹജമായി സന്ദേശം ലഭ്യമാകണം– നിങ്ങളുടെ ഈ കാര്യം നടന്നു കൊണ്ടിരിക്കുന്നു. അതിനാൽ നല്ല പരിപാടി നടന്നു. റഷ്യയിലും ബാക്കിയുണ്ട്, അവരും വരേണ്ടതായിരുന്നു. ബാപ്ദാദ നേരത്തെ തന്നെ സഫലതയുടെ സ്നേഹ സ്മരണ നല്കിയായിരുന്നു. ഭാരതത്തിന്റെ അംബാസഡർ(സ്ഥാനപതി) ആയിട്ടാണ് പോയത്, അതിനാൽ ഭാരതത്തിന്റെ പേര് പ്രശസ്തമായില്ലേ. ചക്രവർത്തിയായി കറങ്ങുന്നതിൽ രസമല്ലേ. എത്രയോ ആശീർവാദം സമ്പാദിച്ചു വന്നിരിക്കുന്നു. ഡോ നിർമ്മലയും കറങ്ങി കൊണ്ടിരിക്കുന്നു. എല്ലാവരും സേവനത്തിൽ മുഴുകിയിരിക്കുന്നു എന്നാൽ സമയത്തിനനുസരിച്ച് വിശേഷ സേവനം നടക്കുമ്പോൾ വിശേഷ സേവനത്തിന്റെ ആശംസകൾ നല്കുന്നു. സേവനമില്ലാതെയിരിക്കാൻ സാധിക്കില്ല. ലൺഡൻ, അമേരിക്ക, ആഫ്രിക്ക, ആസ്ട്രേലിയ– നിങ്ങൾ ഇങ്ങനെ 4 സോണല്ലേ ഉണ്ടാക്കിയിരിക്കുന്നത്. അഞ്ചാമത്തെയാണ് ഭാരതം. ഭാരതീയർക്ക് മിലനത്തിനുള്ള ആദ്യത്തെ അവസരം ലഭിക്കുന്നു. മിലനം ചെയ്തവരും, ചെയ്യാൻ വോകുന്നവരും– സർവ്വതും നല്ലത്, സദാ നല്ലത് തന്നെയായിരിക്കും. നാല് സോണിലേയും സർവ്വ ഡബിൾ വിദേശി കുട്ടികൾക്ക് ഇന്ന് നിശേഷ സ്നേഹ സ്മരണ നല്കി കൊണ്ടിരിക്കുന്നു. റഷ്യയും ഏഷ്യയിലാണ് ഉൾപ്പെടുന്നത്. സേവനത്തിന്റെ പ്രതികരണം നന്നായി ലഭിച്ചു കൊണ്ടിരിക്കുന്നു. ധൈര്യവും വളരെ നല്ലത്, സഹായവും ലഭിച്ചു കൊണ്ടിരിക്കുന്നു. ഭാരതത്തിലും ഇപ്പോൾ വിശാലമായ പരിപാടി ചെയ്യുന്നതിനുള്ള പ്ലാൻ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. ഓരോരുത്തർക്കും വിശേഷതയുടെയും സേവനത്തിൽ മുഴുകിയിരിക്കുന്നതിന്റെ ആശംസകളും സ്നേഹ സ്മരണയും. ശരി.

സർവ്വ കുട്ടികൾക്കും സദാ സഹജമായി മുന്നോട്ടു പോകുന്നതിനുള്ള സിദ്ധി പ്രാപ്തമാക്കുന്നതിനുള്ള സഹജമായ യുക്തി കേൾപ്പിച്ചു, ഈ വിധിയെ സദാ പ്രയോഗത്തിൽ കൊണ്ടു വരുന്ന പ്രയോഗി, സഹജ യോഗി, സദാ വരദാതാവിന്റെ വരദാനങ്ങളാൽ സമ്പന്നമായ വരദാനി കുട്ടികൾക്ക്, സദാ ഒന്നിന്റെ പാഠം ഓരോ ചുവടിലും സാകാര സ്വരൂപത്തിൽ കൊണ്ടു വരുന്ന, സദാ നിരാകാരി ആകാരി ബാബയുടെ കൂട്ട്കെട്ടിന്റെ അനുഭവത്തിലൂടെ സദാ സാകാര സ്വരൂപത്തിൽ അനുഭവം ചെയ്യുന്ന, സദാ വരദാനി കുട്ടികൾക്ക് ബാപ്ദാദായുടെ ദാതാവിന്റെ, ഭാഗ്യവിദാതാവിന്റെ, വരദാതാവിന്റെ സ്നേഹ സ്മരണയും നമസ്തേ.

ജാനകി ദാദിയോട്– എത്രത്തോളം സർവ്വർക്കും ബാബയുടെ സ്നേഹം വിതരണം ചെയ്യുന്നുവൊ അത്രത്തോളം സ്നേഹത്തിന്റെ ഭണ്ഡാരം നിറയുന്നു. സദാ സ്നേഹത്തിന്റെ മഴ പെയ്യുന്നത് പോലെ അനുഭവം ഉണ്ടാകുന്നുണ്ടല്ലോ. ഒരു ചുവടിൽ സ്നേഹം നല്കൂ, അടിക്കടി സ്നേഹം നേടൂ. സർവ്വർക്കും സ്നേഹമാണ് വേണ്ടത്. ജ്ഞാനം കേട്ടുവല്ലോ. ചില കുട്ടികൾക്ക് സ്നേഹമാണ് വേണ്ടത്, ചിലർക്ക് ശക്തിയും. അപ്പോൾ എന്ത് സേവനം ചെയ്തു? ഇതേ സേവനമല്ലേ ചെയ്തത്–ചിലർക്ക് ബാബയിലൂടെ സ്നേഹം നല്കി, ചിലർക്ക് ശക്തിയും. ജ്ഞാനത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കി. ഇപ്പോൾ ഇനി അവരിൽ സദാ ഉണർവ്വും ഉത്സാഹവും നില നിർത്തണം, അതാണ് കൂടിയും കുറഞ്ഞും കൊണ്ടിരിക്കുന്നത്. എന്നാലും ബാപ്ദാദ ഡബിൾ വിദേശീ കുട്ടികൾക്ക് ആശംസകൾ നല്കുന്നു– വ്യത്യസ്ഥമായ ധർമ്മത്തിലേക്ക് പോയില്ലേ. വ്യത്യസ്ഥമായ ദേശം, വ്യത്യസ്ഥമായ രീതി എന്നാലും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു, ചില കുട്ടികൾ അവകാശി കുട്ടികളുമായി. ശരി.

മഹാരാഷ്ട്ര– പൂണെ ഗ്രൂപ്പ്– സർവ്വരും മഹാനാത്മക്കളായില്ലേ. ആദ്യം സ്വയത്തെ കേവലം മഹാരാഷ്ട്ര നിവാസിയെന്നാണ് പറഞ്ഞിരുന്നത്, ഇപ്പോൾ സ്വയം മഹാനായി മാറി. ബാബ വന്ന് ഓരോ കുട്ടിയെയും മഹാനാക്കി. വിശ്വത്തിൽ നിങ്ങളേക്കാൾ മഹാനായി മറ്റാരെങ്കിലുമുണ്ടോ? ഏറ്റവും അധപതിച്ചത് ഭാരത വാസികളാണ്, അതും 84 ജന്മങ്ങളെടുത്ത ബ്രാഹ്മണാത്മാക്കളാണ് താഴേക്ക് അധപതിച്ചത്. അതിനാൽ എത്രത്തോളം താഴേക്ക് വീണോ അത്രയും ഇപ്പോൾ ഉയരത്തിലെത്തി അതിനാൽ പറയുന്നു ബ്രാഹ്മണൻ അർത്ഥം ഉയർന്ന കുടുമിയെന്ന്. ഉയർന്ന സ്ഥാനത്തെയാണ് കുടുമിയെന്ന് പറയുന്നത്. പർവ്വതങ്ങളുടെ ഉയരത്തെയും കുടുമിയെന്ന് പറയുന്നു, അതിനാൽ ഞാൻ എന്തിൽ നിന്നും എന്തായി മാറി എന്ന സന്തോഷമില്ലേ. പാണ്ഡവർക്ക് കൂടുതൽ സന്തേഷമുണ്ടോ അതോ ശക്തികൾക്കാണോ ഉള്ളത്? (ശക്തികൾക്ക്) കാരണം ശക്തികളെ വളരെ അധിപതിച്ചാണ് കാണിച്ചിട്ടുള്ളത്. ദ്വാപരയുഗം മുതൽ പുരുഷ ശരീരം തന്നെയാണ് ഏതൊരു പദവിയും പ്രാപ്തമാക്കിയത്. ധർമ്മത്തിലും ഇപ്പോഴാണ് സ്ത്രീകൾക്ക് ഗുരു സ്ഥാനം നല്കിയിരിക്കുന്നത്. ഇല്ലായെങ്കിൽ പുരുഷൻമാർ മാത്രമായിരുന്നു. ബാബ മാതാക്കളെ മുന്നിൽ വച്ചപ്പോഴാണ് അവരും സ്ത്രീകൾക്ക് ഗുരുസ്ഥാനം നല്കിയത്. ഇല്ലായിരുന്നെങ്കിൽ ധർമ്മത്തിന്റെ കാര്യങ്ങളിൽ സ്ത്രീകൾക്ക് ഒരിക്കലും സിംഹാസനം നല്കുമായിരുന്നില്ല. അതിനാൽ മാതാക്കൾക്ക് കൂടുതൽ സന്തോഷമുണ്ട്, പാണ്ഡവർക്ക് മഹിമയും ഉണ്ട്. പാണ്ഡവർ വിജയം പ്രാപ്തമാക്കി. പേർ പാണ്ഡവരുടേതാണ് വരുന്നത് എന്നാൽ പൂജ കൂടുതലും ശക്തികൾക്കാണ്. ആദ്യം നേരത്തെ ഗുരുക്കൻമാരെ പൂജിച്ചിരുന്നു, ഇപ്പോൾ ശക്തികളെയും പൂജിക്കുന്നു. ഗണേശന്റേയൊ ഹനുമാന്റേയോ ഉണർത്ത് പാട്ട് പാടാറില്ല, ശക്തികളുടേതാണ് ചെയ്യുന്നത് കാരണം ശക്തികൾ ഇപ്പോൾ ഉണർന്നു കഴിഞ്ഞു. അതിനാൽ ശക്തികൾ തന്റെ ശക്തി സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നില്ലേ. അതോ ഇടയ്ക്കിടയ്ക്ക് ശക്തിഹീനമാകുന്നുണ്ടോ. മാതാക്കളെ ദേഹത്തിന്റെ സംബന്ധത്തിൻരെ മോഹം ശക്തിഹീനമാക്കുന്നു. മക്കളോടും പേരക്കുട്ടികളോടും മോഹമുണ്ടാകുന്നു. പാണ്ഡവരെ ഏതൊരു കാര്യമാണ് ശക്തിഹീനമാക്കുന്നത്? പാണ്ഡവരിൽ അഹങ്കാരം കാരണം പെട്ടെന്ന് ക്രോധം ഉണ്ടാകുന്നു. എന്നാൽ ഇപ്പോൾ വിജയിച്ചില്ലേ. ഇപ്പോൾ ശാന്ത സ്വരൂപരായ പാണ്ഡവരായി മാറി, മാതാക്കൾ നിർമോഹിയുമായി. ലോകത്തിലുള്ളവർ പറയും മാതാക്കളിൽ മോഹമുണ്ട് എന്ന്, നിങ്ങൾ വെല്ലുവിളിക്കുന്നു– ഞങ്ങൾ മാതാക്കൾ നിർമ്മോഹിയാണ്. അതേപോലെ പാണ്ഡവരും ശാന്ത സ്വരൂപരാണ്, ആര് വന്നാലും ഈ അത്ഭുതത്തിന്റെ ഗീതം പാടണം– ഇവർ എത്ര ശാന്ത സ്വരൂപരായി മാറി, ക്രോധത്തിന്റെ അംശം പോലും കാണുന്നില്ല. മുഖത്തിലോ പെരുമാറ്റത്തിലോ പോലും വരരുത്. ചിലർ പറയുന്നു– ക്രോധമില്ല, ചെറിയ രീതിയിൽ ആവേശം ഉണ്ടാകുന്നു. അപ്പോൾ അതെന്തായി! അതും ക്രോധത്തിന്റെ തന്നെ അംശമല്ലേ. അതിനാൽ പാണ്ഡവർ വിജയിയാണ് അർത്ഥം സങ്കല്പത്തിൽ പോലും ശാന്തം, വാക്കിലും കർമ്മത്തിലും ശാന്ത സ്വരൂപർ. മാതാക്കൾ മുഴുവൻ വിശ്വത്തിന് മുന്നിൽ തന്റെ നിർമ്മോഹി രൂപത്തെ കാണിക്കൂ. മനുഷ്യർ മനസ്സിലാക്കുന്നു ഇത് അസംഭവ്യമെന്ന്, നിങ്ങൾ പറയുന്നു– സംഭവ്യവും വളരെ സഹജവും എന്ന്. ലക്ഷ്യം വച്ചുവെങ്കിൽ തീർച്ചയായും ലക്ഷണം വന്നു ചേരും. സ്മൃതിക്കനുസരിച്ച് സ്ഥിതിയുണ്ടാകുന്നു. ഭൂമിയിൽ മാതാ പിതാവിന്റെ

സ്നേഹത്തിന്റെ ജലം ലഭിക്കുന്നുണ്ട്, അതിനാൽ സഹജമായി ഫലം ലഭിച്ചു കൊണ്ടിരിക്കുന്നു. നല്ലത്. ബാപ്ദാദ സേവനവും സ്വഉന്നതിയും രണ്ടും കണ്ടിട്ട് സന്തോഷിക്കുന്നു, കേവലം സേവനം മാത്രം കണ്ടിട്ടല്ല. സേവനത്തിൽ എത്രത്തോളം അഭിവൃദ്ധി അത്രത്തോളം സ്വഉന്നതിയിലും- രണ്ടും ഒപ്പത്തിനൊപ്പമാണ്. യാതൊരു ഇച്ഛയുമില്ല, സർവ്വതും സ്വതവേ ലഭിക്കുമ്പോൾ എന്തിന് ഇച്ഛ വയ്ക്കണം. പറയാതെ യാചിക്കാതെ ഇത്രയും ലഭിച്ചു കഴിഞ്ഞു, വേണം എന്ന ഇച്ഛ പോലുമില്ല. അതിനാൽ അങ്ങനെ സന്തുഷ്ടരല്ലേ. ഞാൻ സന്തുഷ്ടനാണ്, സർവ്വരെയും സന്തുഷ്ടമാക്കി പ്രാപ്തി സ്വരൂപമാക്കുന്നവനാണ് എന്ന ടൈറ്റിൽ സദാ സ്മൃതിയിൽ വയ്ക്കണം. അതു കൊണ്ട് സന്തുഷ്ടമായിരിക്കുക സന്തുഷ്ടമാക്കുക- ഇതാണ് വിശേഷ വരദാനം. അസന്തുഷ്ടതയുടെ പേരോ അടയാളയോ പോലുമില്ല. ശരി.

ഗുജറാത്ത് ഗ്രൂപ്പ്- ബ്രാഹ്മണ ജീവിതത്തിൽ അവസാന ജന്മമായത് കാരണം ശരീരം എത്ര ശക്തിഹീനമാണെങ്കിലും രോഗിയാണെങ്കിലും മനസ്സിന് പറക്കാൻ ചിറക് നല്കിയിട്ടുണ്ട്, ശരീരം കൊണ്ട് നടക്കാൻ സാധിക്കില്ല എന്നാൽ മനസ്സ് കൊണ്ട് പറക്കാൻ സാധിക്കില്ലേ. എന്തുകൊണ്ടെന്നാൽ ബാപ്ദാദായ്ക്കറിയാം 63 ജന്മം അലഞ്ഞലഞ്ഞ് ശക്തിഹീനരായി തീർന്നു. ശരീരം തമോഗുണിയായി. അതിനാൽ ശക്തിഹീനമായി, രോഗിയായി. എന്നാൽ മനസ്സ് ശക്തിശാലിയാണ്. ശരീരത്തിൽ ആരോഗ്യമില്ലായെങ്കിലും മനസ്സിന് രോഗമൊന്നുമില്ലല്ലോ. സർവ്വരുടെയും മനസ്സ് ചിറകുകൾ കൊണ്ട് പറക്കുന്നതാണ്. ശക്തിശാലി മനസ്സിന്റെ ലക്ഷണമാണ്- സെക്കൻറിൽ ആഗ്രഹിക്കുന്നയിടത്ത് എത്തി ചേരാൻ സാധിക്കും. അങ്ങനെ ശക്തിശാലിയാണോ അതോ ഇടയ്ക്ക് ശക്തിഹീനമാകുന്നുണ്ടോ? മനസ്സ് പറക്കാൻ പഠിച്ചാൽ, അഭ്യാസം വന്നു കഴിഞ്ഞാൽ സെക്കന്റിൽ എവിടെ വേണമെങ്കിലും എത്തി ചേരാൻ സാധിക്കും. ഇപ്പോളിപ്പോൾ സാകാര വതനത്തിൽ, ഇപ്പോളിപ്പോൾ പരംധാമത്തിൽ ഒരു സെക്കന്റിന്റെ തീവ്രതയാണ്. അത്രയും തീവ്രയയുണ്ടോ? സദാ തന്റെ ഭാഗ്യത്തിന്റെ ഗീതം പാടി പറന്നു കൊണ്ടിരിക്കൂ. സദാ അമൃതവേളയിൽ തന്റെ ഭാഗ്യത്തിന്റെ ഏതെങ്കിലും കാര്യം സ്മൃതിയിൽ വയ്ക്കൂ, അനേക പ്രകാരത്തിലുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്, അനേക പ്രകാരത്തിലുള്ള പ്രാപ്തികൾ ഉണ്ടായിട്ടുണ്ട്, ഇട്യ്ക്ക് ഏതെങ്കിലും പ്രാപ്തിയെ മുന്നിൽ കാണൂ, എന്നാൽ പുരുഷാർത്ഥം രമണീകമായിരിക്കും. ഒരിക്കലും പുരുഷാർത്ഥത്തിൽ സ്വയം ബോറടിക്കില്ല, നവീനതയുടെ അനുഭവം ചെയ്യും. ചില കുട്ടികൾ പറയുന്നുണ്ട്- ആത്മാവാണ്, ശിവബാബയുടെ കുട്ടിയാണ്, ഇത് സദാ പറഞ്ഞു കൊണ്ടിരിക്കുന്നു. എന്നാൽ ആത്മാവായ എനിക്ക് ബാബ എന്തെല്ലാം ഭാഗ്യമാണ് നല്കിയിരിക്കുന്നത്, എന്തെല്ലാം ടൈറ്റിലാണ് നല്കിയിട്ടുള്ളത്, എന്തെല്ലാം ഖജനാക്കളാണ് നല്കിയിട്ടുള്ളത്, ഇങ്ങനെ വ്യത്യസ്ഥമായ സ്മൃതികൾ വയ്ക്കൂ. ലിസ്റ്റെടുക്കൂ, സ്മൃതികളുടെ എത്ര വലിയ ലിസ്റ്റായിരിക്കും! ഇടയ്ക്ക് ഖജനാക്കളുടെ സ്മൃതിയുണ്ടാകണം, ഇടയ്ക്ക് ശക്തികളുടെ സ്മൃതി, ഇട്യ്ക്ക് ഗുണങ്ങളുടെ സ്മൃതി, ഇടയ്ക്ക് ജ്ഞാനത്തിന്റെ, ഇടയ്ക്ക് ടൈറ്റിലുകളുടെ സ്മൃതിയുണ്ടാകണം. വ്യത്യസ്ഥത വരുമ്പോൾ മനോരഞ്ചനം അനുഭവപ്പെടുന്നു. മനോരഞ്ചനത്തിന്റെ പരിപാടികൾ വയ്ക്കുമ്പോൾ വ്യത്യസ്ഥമായ നൃത്തമുണ്ടായിരിക്കും, ഭക്ഷണമുണ്ടായിരിക്കും, വ്യത്യസ്ഥമായ ആളുകളുമായി മിലനം ചെയ്യും. അപ്പോഴല്ലേ അത് മനോരഞ്ചനമായി മാറുന്നത്. അതിനാൽ ഇവിടെയും സദാ മനോരഞ്ചനത്തിലിരിക്കുന്നതിന് വ്യത്യസ്ഥ പ്രകാരത്തിലുള്ള കാര്യങ്ങൾ ചിന്തിക്കൂ. ശരി.

## വരദാനം- ക്യാച്ചിംഗ് പവറിലൂടെ(പിടിച്ചെടുക്കുവാനുള്ള) തന്റെ യഥാർത്ഥമായ സംസ്ക്കാരങ്ങളെ കാച്ച് ചെയ്ത് അതിന്റെ സ്വരൂപമായി മാറുന്ന ശക്തിശാലിയായി ഭവിക്കട്ടെ.

പുരുഷാർത്ഥത്തിന്റെ മുഖ്യമായ ആധാരം ക്യാച്ചിംഗ് പവറാണ്. ഏതു പോലെ സയൻസ് വളരെ മുമ്പുള്ള ശബ്ദത്തെ പോലും കാച്ച് ചെയ്യുന്നു, അതേപോലെ സയലൻസിന്റെ ശക്തിയിലൂടെ തന്റെ ആദി ദേവീക സംസ്ക്കാരത്തെ ക്യാച്ച് ചെയ്യൂ, ഇതിന് വേണ്ടി സദാ ഇതേ സ്മൃതി വയ്ക്കൂ- ഞാൻ ഇത് തന്നെയായിരുന്നു, വീണ്ടും ആയിക്കൊണ്ടിരിക്കുന്നു.എത്രത്തോളം ആ സംസ്ക്കാരങ്ങളെ ക്യാച്ച് ചെയ്യുന്നുവൊ അത്രയും അതിന്റെ സ്വരൂപമായി മാറും. 5000 വർഷങ്ങളുടെ കാര്യം ഇന്നലെ നടന്ന കാര്യം പോലെ സ്പഷ്ടമായി അനുഭവപ്പെടും. തന്റെ സ്മൃതിയെ അത്രയും ശ്രേഷ്ഠവും സ്പ്ഷ്ടവുമാക്കൂ എങ്കിൽ ശക്തിശാലിയായി മാറും.

## സ്ലോഗൻ- ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസം സന്തോഷമാണ്, ശരീരം നഷ്ടപ്പെട്ടാലും സന്തോഷം നഷ്ടപ്പെടരുത്.